**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **11-02-2025 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന ഏതൊക്കെ പ്രവൃത്തികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയും പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2 നഗറുകളിൽ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. ഇതര പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ് . |
| (ബി) | പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം എത്ര വീടുകൾക്കാണ് തുക അനുവദിച്ചത്; വിശദമാക്കാമോ? | (ബി) | പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | വർഷം | പേര് | എസ്റ്റിമേറ്റ് അനുവദിച്ച തുക | ഏജൻസിയ്ക്ക് മാറി നൽകിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 2021-22 | ആര്യാട് നോർത്ത് നഗർ (എ.എൻ. നഗർ - മണ്ണഞ്ചേരി പഞ്ചായത്ത്) | 9916752 | 3346844 | പൊതുകളം നവീകരണം പൂർത്തിയായി. കമ്യൂണിറ്റി ഹാൾ നിർമ്മാണം ആരംഭിച്ചു. വീടുകളുടെ നവീകരണം നടന്നുവരുന്നു. |
| 2 | 2022-23 | പന്നിശ്ശേരി നഗർ (മണ്ണഞ്ചേരി പഞ്ചായത്ത്) | 5003000/- (Estimate amount ) | 0 | അംഗീകാരത്തിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു. |